# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2421 — 14/06/2019-ൽ മറുപടിക്ക്

### ഇടുക്കി ജില്ലയിൽ വൻകിട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ഇടുക്കി ജില്ലയിൽ വൻകിട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് നിർബന്ധമായിരുന്ന റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ലെന്ന് ഊർജ്ജവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എല്ലാത്തരം വൈദ്യുതി കണക്ഷനുകളും അനുവദിക്കുമ്പോൾ റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന് അനുശാസിക്കുന്ന തരത്തിൽ 23.10.2017-ൽ ദേവികുളം സബ് കളക്ടർ കെ.എസ്. ഇ.ബി അധികൃതർക്ക് കത്ത് നൽകിയിരുന്നു. ഇതേതുടർന്ന് ഈ എട്ടു വില്ലേജുകളിൽ വൈദ്യുത കണക്ഷനുകൾ നൽകുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുകയും നിരവധി പരാതികൾ ലഭിക്കുകയും ചെയ്തു.<br>കൂടാതെ, KSEBL, കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ നൽകേണ്ടത്. ഇതുപ്രകാരം തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും മാത്രമാണ് ഉപഭോക്താവ് പുതിയ കണക്ഷന് ലഭ്യമാക്കേണ്ടത്. ഉപഭോക്തൃനിയമം, അറ്റോമിക് എനർജി നിയമം, റെയിൽവേ നിയമം എന്നിവ ഒഴികെയുള്ള മറ്റു നിയമങ്ങളുടെ മേൽ ഓവർറൈഡിങ് അധികാരമുള്ളതാണ് കേന്ദ്രവൈദ്യുതി നിയമം. കേന്ദ്രവൈദ്യുതി നിയമം 2003 ന്റെ സെക്ഷൻ 43 പ്രകാരം, ഒരു പ്രിമിസസിന്റെ ഉടമസ്ഥനോ അവിടെ താമസിക്കുന്ന ആളോ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചാൽ നിർബന്ധമായും ലൈസെൻസി വൈദ്യുതി കണക്ഷൻ നൽകി യിരിക്കണം. ഇപ്രകാരം കണക്ഷൻ നൽകാൻ<br>കഴിയുന്നില്ലെങ്കിൽ ലൈസൻസി പിഴ നൽകുവാനും നിയമം വ്യവസ്ഥചെയ്യുന്നുണ്ട്. മാത്രവുമല്ല വൈദ്യുതി കണക്ഷൻ ഉണ്ടെന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച തെളിവോ രേഖയോ അല്ലെന്നു രാജ്യത്തെ വിവിധ കോടതികൾ വിധിപ്രസ്താവങ്ങളുടെ ഭാഗമായി പറഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ റവന്യൂ |
| (ബി) | എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ പ്രാദേശിക ഉദ്യോഗസ്ഥർ കേന്ദ്രനിയമ പ്രകാരമുള്ള സപ്ലൈ കോഡിനും വിവിധ കോടതി ഉത്തരവുകൾക്കും നിരക്കാത്ത തരത്തിൽ നൽകുന്ന നിർദേശങ്ങൾ നിയമ പരമായി നിലനിൽക്കുന്നതല്ല എന്നു കാണാവുന്നതാണ്.<br>ലൈൻ വലിക്കുന്നതിനുള്ള നിരവധി പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷവും മേല്പറഞ്ഞ നിർദ്ദേശം മൂലം വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം നേരിടുന്നെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര വൈദ്യുതി നിയമം 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 എന്നിവയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയുള്ള പ്രസ്തുത ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്.നൽകപ്പെട്ട കണക്ഷനുകളിൽ ഏതെങ്കിലും അനധികൃത സ്ഥലത്തോ കെട്ടിടത്തിലോ ആണെന്ന് റവന്യൂ വകുപ്പ് അറിയിക്കുന്ന പക്ഷം KSEBL പ്രസ്തുത കണക്ഷൻ അഴിച്ചുമാറ്റാൻ ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുമുണ്ട്.<br>ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഇടുക്കി ജില്ലയിലെ കയ്യേറ്റ ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് വേണ്ടിയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. നിർമ്മാണം അനധികൃതമാണെന്ന് റവന്യൂ അധികൃതർ അറിയിക്കുന്ന പക്ഷം വൈദ്യുതി കണക്ഷൻ നൽകില്ല. കണക്ഷൻ നൽകി കഴിഞ്ഞിട്ടുള്ളതാണെങ്കിൽ റവന്യൂ വകുപ്പിന്റെ നിർദ്ദേശാനുസൃതം വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ചെയ്യും |
| (ഡി) | ഇങ്ങനെയുള്ള കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ദേവികുളം സബ് കളക്ടർ നൽകിയിരുന്ന കത്തിൽ പരാമർശിച്ചിരുന്നതു 21.01.2010 ലെ ബഹു കേരള ഹൈക്കോടതിയുടെ വിധിന്യായമാണ്. പ്രസ്തുത വിധിന്യായത്തിൽ മൂന്നാർ പ്രദേശത്തെ നിർമാണ പ്രവർത്തനങ്ങൾ റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ നിരാക്ഷേപ പത്രവും പഞ്ചായത്തു അധികൃതരുടെ അനുമതിയും ഇല്ലാതെ നടക്കുന്നില്ല എന്ന് റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ അധികൃതരും പോലീസും, ഫോറസ്റ്റ് അധികൃതരും ഉറപ്പാക്കണമെന്നായിരുന്നു ഉത്തരവ്. വൈദ്യുതി കണക്ഷൻ നൽകരുതെന്ന് തരത്തിലുള്ള മറ്റു കോടതി ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Power Department – KSEBL- New/All service connections in Kannan Devan Hills Village, Bisonvalley, Chinnakanal, Santhanpara, Vellathooval, Anaviratty, Pallivasal and Anavilasam Villages without NOC from Revenue Department - Modified - Orders issued.

---

**POWER (B) DEPARTMENT**

G.O.(Rt)No.77/2019/PD Dated, Thiruvananthapuram, 06/05/2019.

Read:- 1.G.O(Rt) No.104/18/PD dated 18/05/2018.
2.Letter No.D(D&IT)/D2/Misc-E5397/17/FTD/2017/378 dated 7/7/2018.

**ORDER**

As per the G.O cited, Government have accorded sanction to KSEBL for effecting new service connections to Kannan Devan Hills Village, Bisonvalley, Chinnakanal, Santhanpara, Vellathooval, Anaviratty, Pallivasal and Anavilasam Villages, without insisting on No Objection Certificate (NOC) from Revenue Department subject to the condition that KSEBL shall remove electric installations from the house at its own cost as and when the Revenue Authority declares the possession of land as unlawful or orders demolition of the building through a process of eviction.

2. The Chairman and Managing Director, KSEBL vide letter read as 2nd paper reported that a number of commercial establishments like Hotels, Resorts etc are waiting for new H.T service connections. They are the major source of revenue to KSEBL in that area and it will be beneficial to KSEBL if the service connection is made applicable to all consumer. As per the regulations of Kerala Electricity Supply code 2014, NOC from Revenue Department is not required for electric connection and hence requested Government to issue direction to effect all service connections in Kannan Devan Hills Village, Bison valley, Chinnakanal, Santhanpara, Vellathooval, Anaviratty, Pallivasal and Anavilasam

Villages on production of documents as per regulation of Kerala Electricity Supply Code 2014.

3. Government have examined the matter in detail and are pleased to accord sanction to KSEBL for effecting new service connection besides household needs to Water supply, Agriculture, Industry and for Commercial purpose, in Kannan Devan Hills Village, Bison Valley, Chinnakanal, Santhanpara, Vellathooval, Anaviratty, Pallivasal and Anavilasam Villages without insisting on NOC from Revenue Department as per the regulations of Kerala State Electricity Rules 2014 subject to the condition that KSEBL shall remove electric installations at its own cost when the Revenue Authorities declare that possession of the property as unlawful, subsequently. The GO(Rt)No.104/18/PD dated 18/5/2018 stands modified to the above extent.

By Order of the Governor
**Dr.B.ASHOK IAS**
**SECRETARY**

To

The Chairman & Managing Director, KSEB Limited, Pattom, Thiruvananthapuram
The District Collector, Idukki.
The Accountant General (A&E), Thiruvananthapuram.
The Principal Accountant General (Audit), Thiruvananthapuram.
Revenue Department.
Information and Public Relations (Web & New Media Division) Department.
Stock File/Office Copy.

Forwarded / By Order,

Section Officer.

*Copy to: PS to Minister (Power)*